100(1066) വിദേശനാണ്യം നേടിത്തരുന്ന കാർഷിക വിഭവങ്ങൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശനാണ്യം നേടിത്തരുന്ന സംസ്ഥാനത്തെ കാർഷിക വിഭവങ്ങളിൽ ഏറ്റവും മുമ്പന്തിയിൽ നിൽക്കുന്നവ ഏതൊക്കെയെന്ന് വ്യക്ത മാക്കുമോ;

(ബി) ഇവ ഓരോന്നും എത്രമാത്രം വിദേശനാണ്യം നേടിത്തരുന്നു എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) കശുവണ്ടി, കാപ്പി, കുരുമുളക്, തേയില എന്നിവയാണ് വിദേശ നാണ്യം നേടിത്തരുന്ന സംസ്ഥാനത്തെ പ്രധാന കാർഷിക വിഭവങ്ങൾ.

(ബി) കശുവണ്ടി : 746.88 കോടി രൂപ
കാപ്പി : 690.70 കോടി രൂപ
കുരുമുളക് : 163.62 കോടി രൂപ
തേയില : 697.09 കോടി രൂപ

(തമിഴ്നാട്ടിലെ കൂനൂരിൽ ഉല്പാദിപ്പിച്ച് കൊച്ചി തുറമുഖംവഴി കയറ്റു മതി ചെയ്യുന്ന തേയിലയും ഇതിൽ ഉൾപ്പെടുന്നു. സംസ്ഥാനത്തുനിന്നും മാത്രം കയറ്റുമതി ചെയ്യുന്ന തേയിലയുടെ വിവരങ്ങൾ പ്രത്യേകമായി കണ ക്കാക്കാൻ പ്രയോഗിക ബുദ്ധിമുട്ടുണ്ട്)

101 (1067) കൃഷിഭവനുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കൃഷിഭവനുകൾ ഉണ്ടെന്ന് വ്യക്തമാ ക്കുമോ;

(ബി) ഇവയിൽ എത്ര കൃഷിഭവനുകൾക്ക് സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1048

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

102(1068) കൃഷി സ്ഥാപനങ്ങളുടെ പ്രവർത്തനം

ശ്രീ. എ.വി. അബ്ദു റഹ്മാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly